**പതിമൂന്നാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 962 **10.02.2016**-ലെ മറുപടിക്ക്

മോഡൽ കോളനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര കോളനികളാണ് മോഡൽ കോളനികളായി ഉയർത്തിയതെന്ന് വ്യക്തമാക്കാമോ; തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 8 കോളനികളെയും ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഒരു കോളനിയെയുമാണ് മോഡൽ കോളനികളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.<br>കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളിൽ അപാകതയുള്ളതായി കോളനി നിവാസികൾ അറിയിച്ചതിനെ ത്തുടർന്ന് 21.05.2015-ന് ബഹു. എം.എൽ.എയുടെ നിർദ്ദേശ പ്രകാരം കോളനിയിൽ യോഗം വിളിച്ച് ചേർത്ത് പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ആയത് വിലയിരുത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരെ ചുമതലപ്പെടുത്തുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിലെ പോരായ്മകൾ പരിഹരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി എം.എൽ.എയുടെ നിർദ്ദേശ പ്രകാരം മോണിറ്ററിംഗ് കമ്മറ്റി വിളിച്ചു ചേർക്കുന്നതിനായി തീയതി നിശ്ചയിച്ചു വെങ്കിലും നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) - ന്റെ പ്രതിനിധികൾ ഹാജരാകാത്തതിനാൽ യോഗം നടന്നില്ല. ഇവിടെ കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ